# കേരള കാർഷിക സർവ്വകലാശാല
## കാർഷിക കോളേജ്, പടന്നക്കാട്

നമ്പർ. ജി2-3309/2022 തീയ്യതി: 21.09.2023

## പുനർ-ദർഘാസ് പരസ്യം

പടന്നക്കാട് കാർഷിക കോളേജിന് കീഴിലുള്ള ഇൻസ്ട്രക്ഷണൽ ഫാമുകളിലെ (പടന്നക്കാട്, കരുവാച്ചേരി) വിവിധങ്ങളായ ജോലികൾ പൂർത്തീകരിക്കുന്നതിനുവേണ്ടി **ജെ.സി.ബി.യുടെ സേവനം നൽകുന്നതിന്** താൽപര്യമുള്ളവരിൽ നിന്നും മത്സരാടിസ്ഥാനത്തിലുള്ള ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു. ദർഘാസ് ഉറപ്പിക്കുന്ന തീയതി മുതൽ ഒരു വർഷത്തേക്കായിരിക്കും കാലാവധി.

കോളേജ് ഇൻസ്ട്രക്ഷണൽ ഫാമുകളിൽ (പടന്നക്കാട്, കരുവാച്ചേരി) ജോലികൾ ചെയ്യുന്നതിന് ഒരു മണിക്കൂർ ജെ.സി.ബി.യുടെ സേവനത്തിന്റെ നിരക്ക് (ജെ.സി.ബി/ ഡ്രൈവർ/ മറ്റ് ചെലവുകൾ ഉൾപ്പെടെ) വെള്ളക്കടലാസിൽ എഴുതി ഒപ്പിട്ട് സീൽ ചെയ്ത കവറിൽ **29/09/2023 ഉച്ചക്ക് ശേഷം 3.30 മണിക്ക്** മുമ്പായി **ഡീൻ, കാർഷിക കോളേജ് പടന്നക്കാട്** എന്ന വിലാസത്തിൽ ലഭിച്ചിരിക്കേണ്ടതാണ്. കവറിനു പുറത്ത് **'ജെ.സി.ബി.യുടെ സേവനം നൽകുന്നതിനുള്ള ദർഘാസ്'** എന്ന് രേഖപ്പെടുത്തേണ്ടതാണ്.

ദർഘാസിനൊപ്പം 2500/- രൂപ നിരതദ്രവ്യമായി കെട്ടിവയ്ക്കേണ്ടതാണ്. കൃത്യസമയത്ത് കിട്ടിയ ദർഘാസുകൾ അതേ ദിവസം ഉച്ചക്ക് ശേഷം **4.30 മണിക്ക്** തന്നെ തുറക്കുന്നതും ഏറ്റവും കുറഞ്ഞതും സ്വീകാര്യവുമായ നിരക്ക് അംഗീകരിക്കുന്നതുമായിരിക്കും.

അംഗീകരിക്കപ്പെട്ട ദർഘാസ് സമർപ്പിച്ച വ്യക്തി ഒരു വർഷം തുടർച്ചയായി സേവനം ലഭ്യമാക്കുന്നത് ഉറപ്പാക്കുന്നതിനായി 200 രൂപ മുദ്രപത്രത്തിൽ ഒരു സമ്മതപത്രം എഴുതി നൽകേണ്ടതാണ്. വിജയിയായ ദർഘാസുകാരൻ അറിയിപ്പ് ലഭിക്കുന്ന മുറയ്ക്ക് ജോലി ആരംഭിക്കേണ്ടതും സമയബന്ധിതമായി ഫാമിലെ ഉദ്യോഗസ്ഥൻമാർ നിഷ്കർഷിക്കുന്ന ജോലികൾ ഈ ഫാമിലുള്ള മറ്റ് വസ്തുവകകൾക്കൊന്നും നഷ്ടം സംഭവിക്കാതെ ചെയ്തു തീർക്കേണ്ടതുമാണ്.

വരുമാന നികുതി ബാധകമാകുന്ന സാഹചര്യത്തിൽ പാൻകാർഡ് ഹാജരാക്കേണ്ടതും നിലവിലുള്ള നിരക്ക് ഈടാക്കുന്നതുമായിരിക്കും. പാൻകാർഡ് ഹാജരാക്കാത്ത സാഹചര്യത്തിൽ നിയമപ്രകാരം കൂടിയ നിരക്കിൽ ആദായനികുതി ഈടാക്കുന്നതായിരിക്കും. ജോലി ചെയ്തതിനുള്ള പ്രതിഫലം ബില്ല് തന്നാൽ ബാങ്ക് അക്കൌണ്ട് ട്രാൻസ്ഫർ മുഖേന നൽകുന്നതായിരിക്കും.

താമസിച്ച് ലഭിച്ചതോ വ്യക്തമായ വിവരങ്ങൾ ഇല്ലാത്തതോ ആയ ദർഘാസുകൾ തിരസ്കരിക്കുന്നതാണ്. ദർഘാസ് സ്വീകരിക്കുന്നതിനോ കാരണം വ്യക്തമാക്കാതെ തള്ളിക്കളയുന്നതിനോ ഉള്ള പൂർണ്ണ അധികാരം കാർഷിക കോളേജ് ഡീനിൽ നിക്ഷിപ്തമാണ്.

സർക്കാർ ദർഘാസിന്റെ പ്രസക്തമായ എല്ലാ നിബന്ധനകളും ഇതിനും ബാധകമാണ്. ദർഘാസ് ദിവസം എതെങ്കിലും കാരണവശാൽ അവധി ദിവസമാകുകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം ഉച്ചക്ക് ശേഷം 3.30 മണി വരെ ദർഘാസ് സ്വീകരിക്കുന്നതും ഉച്ചക്ക് ശേഷം 4.00 മണിക്ക് തുറന്ന് പരിശോധിക്കുന്നതുമായിരിക്കും.

മറ്റ് വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ ഓഫീസിൽ അന്വേഷിക്കാവുന്നതാണ്.
(ഫോൺ : 0467-2281966)

ഒപ്പ്/-
ഡോ. മിനി പി.കെ
ഡീൻ i/c

സ്വീകർത്താവ്:-

1. നോട്ടീസ് ബോർഡ് - കോളേജ് ഓഫീസ് / ഇൻസ്ട്രക്ഷണൽ ഫാം യൂണിറ്റ് –I & II
2. വില്ലേജ് ഓഫീസ് (നീലേശ്വരം / കാഞ്ഞങ്ങാട് സൗത്ത്)
3. നഗരസഭ ഓഫീസ് (നീലേശ്വരം / കാഞ്ഞങ്ങാട് )
4. പീലിക്കോട് പ്രദേശിക കാർഷിക ഗവേഷണ കേന്ദ്രം
5. കെ.എ.യു വെബ്സൈറ്റ്
6. ഇൻസ്ട്രക്ഷണൽ ഫാം യൂണിറ്റ് –I, II ചുമതലയുള്ള ഉദ്യോഗസ്ഥൻ
7. ഫാം സൂപ്രണ്ട്, ഇൻസ്ട്രക്ഷണൽ ഫാം യൂണിറ്റ്-I, II
8. ശ്രീമതി. രേഖ എം, ഫാം മാനേജർ ഗ്രേഡ്–I, ഇൻസ്ട്രക്ഷണൽ ഫാം യൂണിറ്റ്-I
9. എ2 സെക്ഷൻ
10. വർക്ക് കമ്മിറ്റി അംഗങ്ങൾക്ക്

**//അംഗീകാരത്തോട്ടുകൂടി അയക്കുന്നത്//**

സെക്ഷൻ ഓഫീസർ